**Mathrubhumi**

**26.03.2025**

## പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് സിഎജി

# കണക്കില്ല, ബോർഡ് യോഗവുമില്ല

### കെഎംഎംഎൽ സാധനങ്ങൾവാങ്ങുന്നത് ടെൻഡർ മാനദണ്ഡം പാലിക്കാതെ

**തിരുവനന്തപുരം** ▸ പ്രവർത്തനത്തിലും ഭരണപരമായ കാര്യങ്ങളിലും ഗുരുതരവീഴ്ചകൾ ചില പൊതുമേഖലാസ്ഥാപനങ്ങൾ കാണിക്കുന്നതായി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ) സാധനങ്ങൾ വാങ്ങുന്നത് ടെൻഡർ മാനദണ്ഡം പാലിക്കാതെയാണ്. 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 112 എണ്ണമാണ് ഓഡിറ്റ് ചെയ്ത കണക്ക് നൽകിയത്. 20 കമ്പനികൾ കൃത്യമായ ഭരണസമിതിയോഗം പോലും ചേരാത്തവയാണെന്നും സിഎജി ചൂണ്ടിക്കാട്ടുന്നു.

സർക്കാരിന്റെ പർച്ചേസ് മാന്വൽ പാലിക്കാതെയുള്ള പർച്ചേസ് രീതിയാണ് കെഎംഎംഎൽ ഭരണസമിതി അംഗീകരിച്ചത്. 19.59 കോടിയുടെ വസ്തുക്കൾ സംഭരിച്ചത് ടെൻഡർ ക്ഷണിക്കാതെയാണ്. രാസവസ്തുക്കൾ വാങ്ങുന്നതിൽ 21.47 കോടിരൂപ അധിക ചെലവുവരുത്തിയെന്നും റിപ്പോർട്ടിൽ പറയുന്നു.

സമയത്തിന് കണക്ക് തയ്യാറാക്കാത്ത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് തടവുശിക്ഷയടക്കം ഉറപ്പാക്കുന്ന വിധത്തിൽ നടപടി സ്വീകരിക്കണമെന്നാണ് സിഎജിയുടെ ശുപാർശ.

പൊതുമേഖലാകമ്പനികൾ കുറഞ്ഞത് മൂന്ന് ഡയറക്ടറെ അംഗങ്ങളാക്കി ഓഡിറ്റ് കമ്മിറ്റി രൂപവത്കരിക്കണമെന്നാണ് വ്യവസ്ഥ. ഇതിൽ ഭൂരിപക്ഷം സ്വതന്ത്ര ഡയറക്ടറായിരിക്കണമെന്നും ചൂണ്ടിക്കാട്ടുന്നു. എന്നാൽ, 66 പൊതുമേഖലാസ്ഥാപനങ്ങളിൽ ഇത്തരമൊരു കമ്മിറ്റിതന്നെ നിലവിലില്ല.

ഒരോ കമ്പനിയിലും ഒരുവർഷം കുറഞ്ഞത് നാല് ഡയറക്ടർബോർഡ് യോഗം ചേരണം. 97 കമ്പനികളിൽ 20 എണ്ണവും ഇത് ചേർന്നിട്ടില്ല. പത്തുകോടിയിലധികം മൂലധനമോ, നൂറുകോടിക്ക് മുകളിൽ വിറ്റുവരവോ, കടപ്പത്രങ്ങളും നിക്ഷേപങ്ങളും 50 കോടിക്ക് മുകളിലോ ഉണ്ടെങ്കിൽ രണ്ട് സ്വതന്ത്ര ഡയറക്ടർമാർ ഉണ്ടാകണം. 11 പൊതുമേഖലാ കമ്പനികൾ സ്വതന്ത്ര ഡയറക്ടർമാരെ നിയമിച്ചിട്ടില്ല.

ഇതെല്ലാം സർക്കാർ ഉറപ്പാക്കണമെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.